ഖുത്ബ
1.10.2004
ബയ്ത്തുൽ ബർക്കാത്ത്,
ബെർമിംഗ് ഹാം, യു.കെ.

بسم الله الرحمن الرحيم

# ജനസമൃദ്ധമായ പള്ളികളാണ് നമ്മുടെ ശക്തി.

الَّذِينَ إِن مَّكَّنَّاهُمْ فِي الْأَرْضِ أَقَامُوا الصَّلَاةَ وَآتَوُا الزَّكَاةَ وَأَمَرُوا بِالْمَعْرُوفِ وَنَهَوْا عَنِ الْمُنكَرِ ۗ وَلِلَّهِ عَاقِبَةُ الْأُمُورِ

അൽഹംദുലില്ലാഹ്! ഇന്ന് അഹ്മദിയ്യാ ജമാഅത്ത് ബ്രിട്ടന്റെ ബെർമിംഗ് ഹാമിലുള്ള പള്ളിയുടെ ഉത്ഘാടനം നടക്കുകയാണ്. ബെർമിംഗ് ഹാം ജമാഅത്തിന്റെയും ഈ പള്ളിയുടെയും അല്പം പശ്ചാത്തലം ചുരുക്കി ഞാൻ പറയാം. ഇവിടെ 1960ൽ ജമാഅത്ത് രൂപീകരിച്ചു. അന്ന് അഞ്ചംഗങ്ങൾ മാത്രമെ ഉണ്ടായിരുന്നുള്ളു. പിന്നീട് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് റഹ്മഹുല്ലായുടെ കാലത്ത് 1980ൽ ഇവിടെ ആദ്യത്തെ മിഷൻഹൗസ് വാങ്ങിച്ചു. ഹുസൂർ റഹ്മഹുല്ലാഹ് ബയ്ത്തുൽ ബർക്കാത്ത് എന്ന് അതിന് നാമകരണം ചെയ്തു. പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് വളരാൻ തുടങ്ങി. 1993ൽ പള്ളിയ്ക്കുവേണ്ടി പുതിയ സ്ഥലം വാങ്ങാനുള്ള അന്വേഷണം ആരംഭിച്ചു. 1994ൽ ബെർമിംഗ് ഹാം കൗൺസിൽ ഈ സ്ഥലം വിൽക്കുന്നതിനുവേണ്ടി മാർക്കറ്റിൽ വെച്ചപ്പോൾ ജമാഅത്ത് അവരുമായി ബന്ധപ്പെട്ടു. ഒക്ടോബറിൽ നാമമാത്ര വിലയ്ക്ക് ഈ സ്ഥലം ലഭിച്ചു. നാമമാത്ര വിലയ്ക്ക് ഇതെങ്ങനെയാണ് ലഭിച്ചത്. ഇതൊരു ജീർണ്ണിച്ച സ്കൂൾ കെട്ടിടമായിരുന്നു. സർക്കാറിന്റെ പേപ്പറുകളിൽ ഇത് ഇല്ലിസിറ്റിഡ് (നിയമവിധേയമല്ലാത്ത) കെട്ടിടമായിരുന്നു. ഇത്തരം കെട്ടിടം ആരെങ്കിലും എടുത്താൽ പൂർണ്ണമായും മെയ്ന്റയ്ൻ (സംരക്ഷിച്ചു നിറുത്താൻ) ചെയ്യാൻ അവരോട് പറയും. ഇതാണ് അവരുവെച്ച നിബന്ധന. ഞാൻ നാമമാത്ര വില എന്നു പറഞ്ഞത് 200 പൗണ്ടായിരുന്നു. ഇത് മനോഹരമാക്കാൻ ഏർപ്പാടു ചെയ്യുന്നതാണെന്ന് പറഞ്ഞു. പിന്നീട് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് റഹ്മഹുല്ലാഹുതആല 1996 ൽ ഇവിടെ വന്ന് ഈ സ്ഥലം കണ്ടു. ഇഷ്ടപ്പെട്ടു. ഏകദേശം ഒന്നേ മുക്കാൽ ഏക്കറാണ് ഈ സ്ഥലം. മുപ്പത്തിഒന്നായിരം ചതുരശ്ര അടി വിസ്താരമുണ്ട്. വാളന്റിയർമാർ വഖാറെ അമൽ ചെയ്ത് ഒരുപാട് ചെലവുകൾ കുറയ്ക്കുകയുണ്ടായി. ഇതിനുവേണ്ടി ചെലവായതിന്റെ ഒന്നര ഇരട്ടി ഇങ്ങനെ ലാഭിച്ചിട്ടുണ്ടാകുമെന്നാണ് എന്റെ നിഗമനം. ഇതിനുവേണ്ടി 16 ലക്ഷം പൗണ്ടാണ് ചെലവായിട്ടുള്ളത്. ഞാൻ പറഞ്ഞതുപോലെ ബെർമിംഗ് ഹാം ജമാഅത്തിന് ഇതിൽ വലിയൊരു സംഖ്യ ചെലവഴിക്കാനുള്ള തൗഫീഖ് ലഭിക്കുകയുണ്ടായി. അല്ലാഹു അവർക്ക് പ്രതിഫലം നല്കുമാറാകട്ടെ. പൊതുവെ യു.കെ ജമാഅത്തും നല്ല രീതിയിൽ സഹായിക്കുകയുണ്ടായി. അല്ലാഹു ഇവർക്കെല്ലാം പ്രതിഫലം നല്കുമാറാകട്ടെ. ഡോക്ടർ ഫാറൂഖ് സാഹിബും നാസിർ ഖാൻ സാഹിബും (നായിബ് അമീർ) ആയിരുന്നു ഇതിന് മേൽനോട്ടം വഹിച്ചത്. അവർ ഇതിനുവേണ്ടി വളരെ അധ്വാനിച്ചു. ബയ്തുൽ ഫുതൂഹിന്റെ നിർമ്മാണത്തിൽ പങ്കെടുത്ത വളന്റിയേഴ്സിന്റേയും തൊഴിലാളികളുടേയും ടീമും ഇതിൽ പങ്കെടുത്തു. അവരും ഇവിടെ വന്ന് പ്രവർത്തിച്ചു. അല്ലാഹു എല്ലാവർക്കും പ്രതിഫലം നല്കുമാറാകട്ടെ. സാമ്പത്തികമായ ത്യാഗം ചെയ്തവരും സമയം നല്കിയവരുമെല്ലാം ജമാഅത്തിന്റെ പാരമ്പര്യത്തെ ജീവിപ്പിച്ചു നിലനിറുത്തി. ഇനിയും ഈ പാരമ്പര്യത്തെ ജീവിപ്പിച്ചു നിലനിർത്തുന്നവരായിത്തീരാൻ അല്ലാഹു ഇവരെ അനുഗ്രഹിക്കുമാറാകട്ടെ.

എന്നാൽ, ഏതൊരു ത്യാഗമനോഭാവത്തോടെയാണോ നിങ്ങൾ ഈ മസ്ജിദ് നിർമ്മിച്ചത്, അല്ലാഹുവിന്റെ തൃപ്തികരസ്ഥമാക്കുക എന്ന ഏതൊരു ഉൽക്കടമായ ആഗ്രഹത്തോടെയാണോ നിങ്ങൾ ഇതിന്റെ നിർമ്മാണപ്രവർത്തനത്തിൽ പങ്കെടുത്തത്, ആ ഉൽക്കടമായ ആഗ്രഹം അവസാനിക്കാൻ പാടില്ല. ഈ കെട്ടിടനിർമ്മാണത്തിന്റെ പിന്നിലുള്ള നിങ്ങളുടെ ഉൽക്കടമായ ആഗ്രഹം, അല്ലാഹുവിനെ ആരാധിക്കാൻ വരുന്നവർക്കുവേണ്ടി, സംഘടിതമായി അവനെ ആരാധിക്കുന്നവർക്കുവേണ്ടി ഒരു സ്ഥലമുണ്ടാക്കുക എന്നതായിരുന്നു. അത് അല്ലാഹുവിന്റെ വീടെന്ന് പറയപ്പെടണം. ഒരു സ്ഥലത്ത് സംഘടിച്ച് ജനങ്ങൾ ജമാഅത്തോടുകൂടി നമസ്കരിക്കണമെന്ന അല്ലാഹുവിന്റെ കല്പനയുടെ അടിസ്ഥാനത്തിലാണ് നിങ്ങൾ ഈ മസ്ജിദ് നിർമ്മിച്ചിട്ടുള്ളത്. ഒരു ഇമാമിന്റെ ശബ്ദത്തോടൊപ്പം നില്ക്കുകയും ഇരിക്കുകയും ചെയ്യുന്നവരാകണം. അല്ലാഹുവിന്റെ ഏകത്വത്തിന്റെ മുദ്രാവാക്യം മുഴക്കുന്നതിനോടൊപ്പം കർമ്മങ്ങളിലൂടെയും അത് പ്രകടിപ്പിക്കുന്നതിനുവേണ്ടി റുക്കൂഉം സുജൂദും ചെയ്യുകയും വേണം. അല്ലാഹുവേ, ഞങ്ങൾ ഒന്നാണ്. പള്ളിയിൽ വന്ന് നമസ്കരിക്കുമ്പോഴും ഞങ്ങൾ ഒന്നാണ്. പള്ളിയിൽ നിന്ന് പുറത്തുവരുമ്പോഴും ഞങ്ങൾ ഒന്നാണ്. മുസ്ലിംകൾ പരസ്പരം സഹോദരന്മാരായി ജീവിക്കണമെന്ന നിന്റെ കല്പനയനുസരിച്ചാണിത്. നമ്മൾ അഹ്മദികൾ ഭാഗ്യവാന്മാരാണ്. അല്ലാഹുവേ നിന്റെ ഏകത്വം നിലനാട്ടുന്നതിനുവേണ്ടി വന്ന നിന്റെ ഇമാമിനേയും ഞങ്ങൾ തിരിച്ചറിഞ്ഞു. അല്ലാഹുവേ!

നിന്റെ വാഗ്ദാനമനുസരിച്ച് ആ ഇമാമിനുശേഷം ഖിലാഫത്തുകൊണ്ടും നീ ഞങ്ങളെ ശക്തിപ്പെടുത്തി. ഞങ്ങളെ ഒന്നിച്ചുനിർത്തി. ഞങ്ങളെ പ്രബലപ്പെടുത്തുകയും ചെയ്തു. ഞങ്ങൾ ഇങ്ങനെ ദുആ ചെയ്യുകയും നിന്നോടു നിന്റെ അനുഗ്രഹം തേടിക്കൊണ്ട് അപേക്ഷിക്കുകയുമാണ്. ഞങ്ങളിൽ ചെയ്തിട്ടുള്ള ഈ അനുഗ്രഹം നീ എന്നെന്നും നിലനിറുത്തേണമേ. അല്ലാഹുവേ, നിന്നോടു നന്ദി കാണിക്കുന്നവരായും നിന്നെ ആരാധിക്കുന്നവരായും എന്നെന്നും നിലനില്ക്കാൻ നീ ഞങ്ങൾക്കു തൗഫീഖ് നല്കേണമേ. നിന്റെ ഏകത്വം ലോകത്ത് നിലനിറുത്തുന്നതിനും, നിന്നെ ആരാധിക്കുന്നതിനും വേണ്ടി ഞങ്ങൾ നിർമ്മിച്ചിട്ടുള്ള ഈ പള്ളിയെ എന്നെന്നും ജനനിബിഡമാക്കിവയ്ക്കാൻ നീ എപ്പോഴും ഞങ്ങൾക്കു തൗഫീഖ് നല്കേണമേ. ഇപ്രകാരം ദുആയും പ്രവർത്തനവും നടക്കുമ്പോൾ, അല്ലാഹു എങ്ങനെയാണ് എപ്പോഴും നിങ്ങളുടെ ഭയത്തെ സമാധാനത്തിലേക്ക് മാറ്റിക്കൊണ്ടിരിക്കുന്നതെന്ന് നിങ്ങൾ കാണുന്നതാണ്. നമുക്കെന്തൊന്നാണോ കിട്ടേണ്ടത്, അല്ലെങ്കിൽ കിട്ടിയത് അത് അല്ലാഹുവിന്റെ അനുഗ്രഹത്താലാണ് കിട്ടിയതെന്നകാര്യം സദാ ഓർക്കുക. അവന്റെ അനുഗ്രഹങ്ങളെ കരസ്ഥമാക്കുന്നതിനു വേണ്ടി അവനെ ആരാധിക്കുന്നതിലേക്ക് ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്. അവന്റെ ദാസരോടുള്ള കടമ നിറവേറ്റുന്നതിന് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. നന്മകൾ ലോകത്ത് പരത്തേണ്ട ആവശ്യമുണ്ട്. ഞാനോതിയ വചനത്തിലും അല്ലാഹു ഇതേ വിഷയം തന്നെയാണ് പറഞ്ഞിട്ടുള്ളത്. നിങ്ങൾക്ക് സ്വാധീനം കിട്ടിക്കഴിഞ്ഞാൽ പിന്നീട് നിങ്ങളുടെ അവസ്ഥ മാറിപ്പോകാൻ പാടില്ല. തർജമയല്ല ഞാൻ പറയുന്നത്. ആശയം അല്പം വിശദീകരിച്ച് പറയുകയാണ്. അങ്ങനെവരുമ്പോൾ അല്ലാഹുവിനെ ആരാധിക്കുന്ന ദാസരായിത്തീരാനും അവന്റെ അനുഗ്രഹങ്ങൾ കൂടുതൽ നേടാനും നിങ്ങൾ നമസ്കാരത്തിലേക്ക് അധികം ശ്രദ്ധിക്കേണ്ടതായിവരും. നിങ്ങളുടെ ഈ സ്വാധീന ശക്തി എന്നെന്നും നിലനില്ക്കുന്നതിനായി നിങ്ങളുടെ തലമുറയും ആ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നവരായിത്തീരേണ്ടതാണ്. അവർ അല്ലാഹുവിന്റെ മുമ്പിൽ പ്രണാമം ചെയ്യുന്നവരും അവന്റെ ഏകത്വം നിലനാട്ടുന്നവരുമായി നിലകൊള്ളേണ്ടതാണ്.

സൂറത്തുന്നൂറിൽ, ആയത്തെ ഇസ്തിഖ്ലാഫിലും ഇതേ വിഷയം തന്നെയാണ് പ്രതിപാദിച്ചിട്ടുള്ളത്. നിങ്ങളിൽ ശക്തി നിലനില്ക്കുന്നതിനായി ഖിലാഫത്ത് നല്കപ്പെട്ടിരിക്കുന്നു. തുടർന്നും ഈ അനുഗ്രഹം കിട്ടിക്കൊണ്ടിരിക്കും. ഇൻശാഅല്ലാഹ്. പക്ഷേ, എന്നെ ആരാധിക്കുന്നവർക്കായിരിക്കും അതു കിട്ടിക്കൊണ്ടിരിക്കുക. *യഅ്ബുദൂനനീ ലായുശ്‌രിക്കൂനബീ ശയ്ആ.* ആരാധനയുടെ മുറയനുസരിച്ച് എന്നെ ആരാധിക്കുന്നവർക്കാണ് ഈ അനുഗ്രഹം ലഭിക്കുന്നത്. ഒരു തരത്തിലും ബഹുദൈവാരാധകനാകാൻ പാടില്ല. മറഞ്ഞിരിക്കുന്ന ബഹുദൈവവിശ്വാസവും ഉണ്ടാകാൻ പാടില്ല. അങ്ങനെ ആരാധിക്കുന്നവർക്ക് അനുഗ്രഹം കിട്ടിക്കൊണ്ടേയിരിക്കും. നമസ്കാരത്തിന്റെ സമയമായാൽ എല്ലാ ഇടപാടുകളും നിർത്തിവെച്ച് അല്ലാഹുവിന്റെ മുമ്പിൽ കുനിയുക. നിങ്ങളുടെ നിത്യവൃത്തിയും നിങ്ങളുടെ ആഗ്രഹവും നിങ്ങളുടെ ഉത്തരവാദിത്വവും ഈ മറഞ്ഞിരിക്കുന്ന ശിർക്കിൽ (ഇതും മറഞ്ഞിരിക്കുന്ന ദൈവവിശ്വാസമാണ്) നിങ്ങളെ തൽപരനാക്കരുത്. ഇപ്പോൾ ജോലിയെടുക്കുന്ന നേരമാണെന്നും അല്പനേരത്തേക്ക് ഒഴിഞ്ഞു നിന്നാൽ അത് നഷ്ടത്തിനു കാരണമാകുമെന്നും നിങ്ങൾ വിചാരിക്കരുത്. അത്തരമാളുകൾ അവരുടെ ജോലിയെ തനിക്കെതിരിൽ ബിംബമാക്കി വെച്ചിരിക്കുകയാണെന്ന് അല്ലാഹു പറയുന്നു. അത്തരക്കാരിൽ എങ്ങനെ സ്വാധീനശക്തി ഉണ്ടാകാനാണ്?

ചിലർ മക്കളെ ബിംബമാക്കി വെച്ചിരിക്കുന്നു. ഇങ്ങനെ നിരവധി കാര്യങ്ങളുണ്ട്. ഈ എല്ലാ ബിംബങ്ങളേയും തച്ചുടയ്ക്കേണ്ടതായിവരും. ഏറ്റവും നേരിയ ബഹുദൈവവിശ്വാസത്തിൽനിന്നുപോലും രക്ഷപ്പെടേണ്ടതായി വരും. അങ്ങനെ വരുമ്പോൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ മഴ വർഷിക്കുകയും ചെയ്യും. പള്ളിയെ ജനങ്ങളെക്കൊണ്ട് നിറയ്ക്കാൻ പരിശ്രമിച്ചാൽ, ഇന്ന് നിങ്ങൾ ഒരു പള്ളി പണിതതിൽ സന്തോഷിക്കുന്നെങ്കിൽ അല്ലാഹു ഇത്തരം ആയിരക്കണക്കിന് പള്ളി നിങ്ങൾക്കു നല്കുന്നതാണ്. പക്ഷെ, ഒരു നിബന്ധനയുണ്ട്, പള്ളികളെ ജനങ്ങളെക്കൊണ്ടു നിറയ്ക്കുക. ആയത്തെ ഇസ്തിഖ്ലാഫിന്റെ (24:56) അടുത്ത വചനത്തിലും ഈ കല്പന തന്നെയാണുള്ളത്. അതായത് നിങ്ങൾ നമസ്കാരം നിലനിർത്തുക. നമസ്കാരം ജമാഅത്തോടുകൂടി അനുഷ്ഠിക്കുക. സത്യവിശ്വാസികളും അല്ലാഹുവിന്റെ അനുഗ്രഹത്തിന് പാത്രമാകുന്നവരും ഖിലാഫത്തുമായി ബന്ധപ്പെട്ടു നില്ക്കുന്നവരും, അല്ലാഹുവിന്റെ ഏകത്വത്തെ നിലനാട്ടുന്നവരുമാണ് വാസ്തവത്തിൽ പള്ളിയെ ജനനിബിഡമാക്കിവയ്ക്കുന്നവർ.

ഞാനോതിയ വചനത്തിൽ, അല്ലാഹു നിങ്ങൾക്കു നല്കിയിരിക്കുന്ന നിങ്ങളുടെ ഈ സ്വാധീന ശക്തി, നിങ്ങൾ സക്കാത്തു കൊടുക്കുന്നവരും സാമ്പത്തിക ത്യാഗം ചെയ്യുന്നവരുമായിരിക്കുവോളം നിലനില്ക്കുമെന്നും, വർധിച്ചുകൊണ്ടേ പോകുമെന്നും അല്ലാഹു പറഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ പ്രത്യേകതയുള്ളവർ ജമാഅത്തിൽ വളരെയധികമുണ്ട്. അതിന്റെ കാഴ്ചകൾ നാം നിത്യവും കാണുന്നു. പിന്നീട് പറഞ്ഞത്, അവർ നല്ല കാര്യങ്ങൾ കല്പിക്കുന്നവരും, അതിനെ വ്യാപിപ്പിക്കുന്നവരും നിഷിദ്ധകാര്യങ്ങൾ നിരോധിക്കുന്നവരുമായിരിക്കും എന്നാണ്. ഈ എല്ലാ പ്രത്യേകതകളും ഉണ്ടാകുകയും അല്ലാഹു

വിനെ ആരാധിക്കുകയും അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുകയും സമസൃഷ്ടികളോടുള്ള കടമ നിർവഹിക്കാൻ പരിശ്രമിക്കുകയും നന്മയെ നിലനിർത്താനും തിന്മയെ തടയാനും പരിശ്രമിക്കുകയും ചെയ്യുന്നവരിൽ അനുഗ്രഹങ്ങളുടെ മഴ വർഷിച്ചു കൊണ്ടിരിക്കുന്നതാണ്. അവസാനം പറഞ്ഞു: സകല കാര്യങ്ങളുടേയും പര്യവസാനം അല്ലാഹുവിന്റെ കൈയിലാണ്. അതുകൊണ്ട് അല്ലാഹുവിനെ വഞ്ചിക്കാൻ സാധ്യമല്ല. അതിനാൽ നമസ്കാരം നിലനിറുത്താൻ അല്ലാഹു വിശുദ്ധഖുർആനിൽ നിരവധി തവണ കല്പിച്ചിരിക്കുന്നു. നമസ്കാരം ജമാഅത്തോടുകൂടി അനുഷ്ഠിക്കാൻ കല്പിച്ചിരിക്കുന്നു. ഇത് പതിവായി അനുഷ്ഠിച്ചുകൊണ്ടേപോകണം. മറ്റു നന്മകളും അതിനോടൊപ്പം ചെയ്തുകൊണ്ടിരിക്കണം. എങ്കിൽ അല്ലാഹു തന്റെ ദാസരോട് വാഗ്ദാനം ചെയ്ത ആ അനുഗ്രഹങ്ങളുടെ അവകാശികളായിത്തീരും.

ഓരോ അഹ്മദിയും ഓരോ നിമിഷവും തന്റെ മനസ്സിൽ ഗോപ്യമായ ശിർക്കുണ്ടോ എന്ന് ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. സാമ്പത്തിക ത്യാഗവും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടിയായിരുന്നോ അതോ മറ്റുള്ളവരെ കാണിക്കുന്നതിനുവേണ്ടിയായിരുന്നോ എന്നും നോക്കുക. ആരാധനയും അല്ലാഹുവിനുവേണ്ടിമാത്രമായിരുന്നോ, ഇപ്പോൾ ആരാധിക്കുന്നതും അല്ലാഹുവിനുവേണ്ടി മാത്രമാണോ? അല്ലാഹുവിനുവേണ്ടിയാണെങ്കിൽ അവനോടുള്ള ഭയം കൊണ്ടാണെങ്കിൽ, പള്ളിയിൽ ഹാജർനില കുറവാകുന്ന പ്രശ്നമേ ഉദിക്കുന്നില്ല. ളുഹ്റിനും അസറിനും ഹാജർനില കുറവാകാം. ദൂരെ ജോലിയെടുക്കുന്ന കാരണത്താൽ ജമാഅത്തോടുകൂടിയ നമസ്കാരത്തിന് എത്തിപ്പെടാൻ സാധിച്ചുവെന്നുവരില്ല. എന്നാൽ, മഗ്രിബ് ഇശാഅ് സുബ്ഹി നമസ്കാരങ്ങൾക്ക് ഹാജർ നില ഉയർന്നതായിരിക്കണം.

അടുത്ത 10,15 വർഷങ്ങൾക്ക് ഈ പള്ളി ഞങ്ങൾക്കു മതിയാകുമെന്ന് അമീർ സാഹിബ് പറഞ്ഞു. എല്ലാവരും നമസ്കരിക്കുന്നതിന് പള്ളിയിൽ വരാൻ തുടങ്ങിയാൽ ഈ പള്ളി മതിയാകുകയില്ലെന്ന് ഞാനദ്ദേഹത്തോടു പറഞ്ഞു. 10,15 വർഷം വരെ ദഅ്വത്തെ ഇലല്ലാഹ് ചെയ്യേണ്ട എന്നാണോ കരുതുന്നതെന്നും നിങ്ങൾക്കു നിങ്ങളുടെ അംഗസംഖ്യ വർധിപ്പിക്കണ്ടേയെന്നും ഞാൻ ചോദിച്ചു.

ഈ വചനത്തിൽ പറഞ്ഞ മറ്റൊരു കാര്യം നല്ല കാര്യങ്ങൾ ഉപദേശിക്കുക എന്നതാണ്. അതുകൊണ്ട് ഈ പള്ളിയുടെ ഉത്ഘാടനദിവസം മുതൽ, പരസ്പരം ഇഷ്ടത്തോടും സ്നേഹത്തോടും കൂടി പെരുമാറുമെന്നും പ്രതിജ്ഞ ചെയ്യുക. എല്ലാ വൈരാഗ്യങ്ങളും അകറ്റുമെന്നും, ഈ പള്ളിയിൽനിന്നും എപ്പോഴും ശാന്തിയുടേയും സമാധാനത്തിന്റേയും സന്ദേശം ലോകത്തിന് എത്തിച്ചുകൊണ്ടിരിക്കുമെന്നും പ്രതിജ്ഞ ചെയ്യുക. ഈ നിയ്യത്തോടുകൂടി പള്ളിയിൽ വന്ന് ദുആയും ചെയ്യേണ്ടതാണ്. അങ്ങനെയായാൽ അല്ലാഹു വ്യക്തിഗതമായ പ്രാർത്ഥനയും സ്വീകരിക്കും. അങ്ങനെ ജമാഅത്തിന് ശക്തി പകരുകയും ചെയ്യും ഇൻശാഅല്ലാഹ്. സ്വയം പള്ളിയിൽ വരിക എന്നതു മാത്രമല്ല, നിങ്ങളുടെ കുട്ടികളേയും പള്ളിയിൽ കൊണ്ടുവരികയും അവരെ പള്ളിയുമായി ബന്ധം വയ്പിക്കുകയും വേണം. അല്ലാഹുവിനെ ആരാധിക്കുന്നതിലേക്ക് അവരെ പ്രേരിപ്പിക്കണം. ഈ രീതിയിൽ അവർക്ക് ശിക്ഷണം നല്കണം. അവരുടെ പുതപ്പും വിരിപ്പും നമസ്കാരത്തിലായിരിക്കണമെന്നും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിലായിരിക്കണമെന്നുമുള്ള ബോധം അവരിലുണ്ടാക്കണം. അവർ വസിക്കുന്ന സമൂഹത്തിനും അല്ലാഹുവിന്റെ കല്പനയനുസരിച്ച് ശിക്ഷണം നല്കേണ്ടിവരും. നന്മയും തിന്മയും തമ്മിലുള്ള വ്യത്യാസം പഠിപ്പിക്കേണ്ടിവരും. നിങ്ങളുടെ വീട്ടിൽനിന്നുതന്നെ ഈ നന്മകൾ വ്യാപിപ്പിക്കുന്നതിനും നമസ്കാരങ്ങൾ നിലനിറുത്തുന്നതിനും വേണ്ടി ശ്രമിക്കുകയാണെങ്കിൽ, വിജയമുണ്ടാകും. ഇല്ലെങ്കിൽ പുറത്തും ഇതിനൊരു സ്വാധീനവും ഉണ്ടാകുകയില്ല. ഒരു ദഅ്വത്തെ ഇലല്ലായും ഫലപ്രദമാകുകയില്ല. ഓരോ ഭാരവാഹിയും, അവർ ജമാഅത്തിന്റേതാവട്ടെ, പോഷകസംഘടനകളായ ഖുദ്ദാമിന്റേയും ലജ്നയുടേയും അൻസാറിന്റേയുമാകട്ടെ ഈ നന്മകളെയും ആരാധനകളേയും അവരുടെ വീട്ടിൽ നടപ്പിൽ വരുത്തുന്നില്ലെങ്കിൽ വെളിയിലും നിങ്ങൾ പറയുന്ന കാര്യങ്ങൾ ആരും കേൾക്കുകയില്ല. വിപ്ലവം ഉണ്ടാക്കുന്നവർ ആദ്യം അവരുടെ ഉള്ളിൽ വിപ്ലവം ഉണ്ടാക്കണം. ഏതൊരു സമൂഹത്തിന്റെ ലീഡർമാരുടെ മാതൃക നല്ലതാണോ ആ സമൂഹമേ അഭിവൃദ്ധിപ്പെടാറുള്ളൂ. ആ സമൂഹത്തിന്റെ ഭാരവാഹികൾ സ്വയം മാതൃക നിലനിറുത്തുന്നവരാകണം.

അതുകൊണ്ട് ഇത് വളരെ വലിയ ഉത്തരവാദിത്വമാണ്. ജമാഅത്തിലെ ഓരോരുത്തരുടേയും ഉത്തരവാദിത്വമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്തെ വിലമതിച്ചുകൊണ്ട് പരിശുദ്ധമായ മാതൃക കാഴ്ചവയ്ക്കുക എന്നത് ഓരോ കുട്ടികളുടെയും വലിയവരുടെയും ഭാരവാഹികളുടെയും ഉത്തരവാദിത്വമാണ്. ആരാധനകളുടെ ഉന്നതമായ നില നിലനിറുത്തണം; ഏറ്റവും വലിയ അനുഗ്രഹമായ ഖിലാഫത്ത് എന്ന അനുഗ്രഹം എന്നെന്നും നിങ്ങളിൽ നിലനിൽക്കുന്നതിനുവേണ്ടി. നമസ്കാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് നബി(സ) തിരുമേനി കണിശമായി പറഞ്ഞിട്ടുണ്ട്. ഭയപ്പെടുത്തിയും പ്രതിഫലത്തിന്റെ പ്രത്യാശ നല്കിയും ഇക്കാര്യം പറഞ്ഞിട്ടുണ്ട്. ഇത് സംബന്ധമായി ചില രിവായത്തുകൾ കേൾപ്പിക്കാം.

ഹസ്റത്ത് ജാബിറി (റ)ൽ നിന്ന് നിവേദനം. റസൂൽ(സ) പറയുന്നതു ഞാൻ കേട്ടു. 'നിശ്ചയം,

ഒരാളുടെ സത്യവിശ്വാസത്തിന്റെയും സത്യനിഷേധത്തിന്റെയും ഇടയിലുള്ള അന്തരം നമസ്കാരം ഉപേക്ഷിക്കൽ മാത്രമാണ്.' (മുസ്‌ലിം)

നോക്കുക! എത്രമാത്രം കഠിനമായ നിർദ്ദേശമാണ്. സത്യവിശ്വാസി പതിവായി നമസ്കരിക്കുന്നവനാണ്. ഇല്ലെങ്കിൽ ഇവരും അവിശ്വാസിയും തമ്മിൽ ഒരു വ്യത്യാസവുമില്ല. അല്ലാഹു തആല തന്റെ ദാസരോട് മൃദുസമീപനം കൈക്കൊള്ളുന്നതിന് ഒരുപാട് സൗകര്യങ്ങൾ നല്കിയിട്ടുണ്ട്. എന്നിട്ടും ആരും ശ്രദ്ധിക്കുന്നില്ലെങ്കിൽ അത് ദൗർഭാഗ്യമാണ്. അങ്ങേയറ്റം ഭയാനകമായ പര്യവസാനമാണെന്ന് ഈ ഹദീസിൽ പറയപ്പെട്ടിരിക്കുന്നു. അല്ലാഹു തആല തന്റെ ദാസരിൽ നിന്ന് വല്ലപ്പോഴുമുണ്ടാകുന്ന തെറ്റുകൾ പൊറുത്തുകൊടുക്കാൻ എപ്പോഴും തയ്യാറായിരിക്കുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: നമ്മുടെ പ്രതാപവാനായ രക്ഷിതാവ് മലക്കുകളോടു പറയും - വാസ്തവത്തിൽ കൂടുതലറിവുള്ളവനാണവൻ - എന്റെ ദാസരുടെ നമസ്കാരം വീക്ഷിക്കുക. അവർ പൂർണ്ണമായും നമസ്കാരം നിർവഹിച്ചോ? അതല്ല അപൂർണ്ണമാക്കി വിട്ടുകളഞ്ഞോ? അവരുടെ നമസ്കാരം പൂർണ്ണമാണെങ്കിൽ കർമ്മ പുസ്തകത്തിൽ അതു രേഖപ്പെടുത്തുന്നതാണ്. ഇനി അതിൽ കുറവു വന്നാൽ പറയും. എന്റെ ദാസൻ എന്തെങ്കിലും ഐച്ഛികമായ ആരാധന നടത്തിയിട്ടുണ്ടോ എന്ന് നോക്കുക. അവൻ ഐച്ഛികമായ ആരാധന നടത്തിയിട്ടുണ്ടെങ്കിൽ പറയും: എന്റെ ദാസന്റെ നിർബന്ധ ആരാധനയിൽ വന്ന കുറവ് ഈ ഐച്ഛിക കർമ്മം കൊണ്ട് പൂർത്തിയാക്കുക. പിന്നീട് എല്ലാ കർമ്മങ്ങളെ സംബന്ധിച്ചും ഇപ്രകാരം ചോദ്യം ചെയ്യപ്പെടും. നമസ്കരിക്കുന്നവർക്ക് അല്ലാഹുവിന്റെ ദൃഷ്ടിയിൽ എത്രവലിയ വിലയാണുള്ളത്. പതിവായി നമസ്കരിക്കുന്നവർക്ക് നഫ്ൽ നമസ്കരിക്കുന്നതിലേക്കും ശ്രദ്ധയുണ്ടാകും. അത്തരക്കാരുടെ ഫർസ് നമസ്കാരത്തിലെന്തെങ്കിലും കുറവുണ്ടെങ്കിൽ ത്തന്നെ അത് ഈ നഫ്ൽ മുഖേന പരിഹരിക്കപ്പെടുമെന്ന് പറഞ്ഞിരിക്കുന്നു. കാരണം നഫ്ൽ നമസ്കരിക്കുന്ന ശീലമുള്ളവർ തീർച്ചയായും ഫർസ് നമസ്കാരം അറിഞ്ഞുകൊണ്ടുപേക്ഷിക്കുകയില്ല. നിർബന്ധഘട്ടത്തിൽ മാത്രമെ അവർ ജമാഅത്തോടെയുള്ള നമസ്കാരത്തിന് പള്ളിയിൽ വരാതിരിക്കുകയുള്ളു.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറയുന്നത് ഞാൻ കേട്ടു. 'നിങ്ങൾ പറയൂ! നിങ്ങളിൽനിന്ന് ഓരോരുത്തരുടെയും വീട്ടുവാതിലിന്നരികിലൂടെ ഒരു പുഴയൊഴുകി. എന്നിട്ടവൻ അതിൽനിന്ന് ഓരോ ദിവസവും 5 പ്രാവശ്യം കുളിച്ചുവൃത്തിയായാൽ തന്റെ അഴുക്കുകളിൽനിന്ന് വല്ലതും അവശേഷിക്കുമോ?' സ്വഹാബാക്കൾ പറഞ്ഞു: 'അവന്റെ അഴുക്കിൽ നിന്നൊന്നും അവശേഷിക്കുകയില്ല.' നബി(സ) പറഞ്ഞു: 'ഇതാണ് അഞ്ച് നമസ്കാരങ്ങളുടെ സ്ഥിതി. അതുവഴി പാപങ്ങൾ അല്ലാഹു പൊറുത്തുകൊടുക്കും.' (ബുഖാരി, മുസ്‌ലിം)

ഈ ഹദീസ് മിക്കവരും കേട്ടിട്ടുള്ളതാണ്. എന്തെങ്കിലും തെളിവ് കൊടുക്കണമെങ്കിൽ ഇത് പറയുകയും ചെയ്യാറുണ്ട്. എന്നാൽ ഇതനുസരിച്ചുള്ള പ്രവൃത്തി വളരെ കുറവാണ്. അതുകൊണ്ട് ഇത്തരം ചെറിയ ചെറിയ കാര്യങ്ങളെ ഉണർത്തിക്കൊണ്ടിരിക്കേണ്ടതാണ്. ആവർത്തിച്ചുകൊണ്ടിരിക്കേണ്ടതാണ്. ലവലേശം ദൈവഭയമുള്ള ഒരാൾക്ക് താൻ പാപിയല്ലെന്ന് പറയാൻ കഴിയുമോ? അല്ലെങ്കിൽ തന്റെ ഉള്ളിൽ ഒരു ന്യൂനതയുമില്ലെന്ന് പറയാൻ കഴിയുമോ? അതുകൊണ്ട്, നിങ്ങളുടെ എല്ലാ പാപങ്ങളും ന്യൂനതകളും തെറ്റുകളും മാപ്പാക്കപ്പെടുമെന്ന സുവാർത്തയാണ് സത്യവിശ്വാസികൾക്കുള്ളത്; നമസ്കാരം പതിവായിട്ട് അനുഷ്ഠിക്കണമെന്നുമാത്രം.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നമസ്കാരം യഥാർത്ഥത്തിൽ ദുആയാണ്. നമസ്കാരത്തിൽ പറയുന്ന ഓരോ വാക്കും ദുആയുടെ ലക്ഷ്യമാണ്. നമസ്കാരത്തിൽ മനസ്സുവരുന്നില്ലെങ്കിൽ ശിക്ഷ വഹിക്കാൻ തയ്യാറായിക്കൊള്ളുക. ദുആ ചെയ്യാത്തവൻ സ്വയം നാശത്തിലേക്ക് പോകുമെന്നല്ലാതെ മറ്റെന്താണ്. ഒരു ഭരണാധികാരി, താൻ വിഷമിക്കുന്നവന്റെ വിഷമം വഹിക്കുന്നുവെന്ന് ആവർത്തിച്ചാവർത്തിച്ച് വിളിച്ചു പറയുന്നു. ബുദ്ധിമുട്ടനുഭവിക്കുന്നവന്റെ ബുദ്ധിമുട്ട് പരിഹരിക്കുന്നു. ഞാൻ ദയ കാണിക്കുന്നു. എല്ലാതരത്തിലും സഹായിക്കുന്നു. എന്നാൽ, ബുദ്ധിമുട്ടിലകപ്പെട്ടിരിക്കുന്ന ഒരുവൻ അവന്റെയടുത്തൂടെ കടന്നുപോകുകയാണ്. അവന്റെ വിളിയെ അയാൾ ഗൗനിക്കുന്നില്ല. തന്റെ വിഷമം പറഞ്ഞ് സഹായം തേടുന്നുമില്ല. അയാൾ നശിക്കാതിരിക്കുന്നതെങ്ങനെ? ഇതുതന്നെയാണ് അല്ലാഹുവിന്റെ സ്ഥിതി. അവൻ എപ്പോഴും മനുഷ്യന് സൗഖ്യം നല്കാൻ തയ്യാറാണ്; മനുഷ്യൻ അപേക്ഷിക്കണമെന്നുമാത്രം. അനുസരണക്കേടിൽനിന്ന് പിന്മാറേണ്ടത് ദുആ സ്വീകാര്യതയ്ക്ക് അനിവാര്യമാണ്. ദുആ വളരെ ശക്തമായി ചെയ്യുകയും വേണം. കാരണം കല്ലിന്റെമേൽ കല്ല് പതിക്കുമ്പോഴാണ് തീയുണ്ടാകുന്നത്.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: ജമാഅത്തായി നമസ്കരിക്കൽ ഒരാൾ ഒറ്റയ്ക്ക് നമസ്കരിക്കുന്നതിനേക്കാൾ ഇരുപതിരട്ടി പ്രതിഫലത്തിന് കാരണമാണ്. വീണ്ടും പറഞ്ഞു: രാത്രിയിലെ മലക്കുകളും പകലിലെ മലക്കുകളും സുബ്ഹിനമസ്കാരത്തിന് സമ്മേളിക്കുന്നു. മറ്റൊരു നിവേദനത്തിൽ ഇരുപത്തേഴിരട്ടി പുണ്യമെന്നും വന്നിട്ടുണ്ട്.

എന്തായാലും അല്ലാഹു അതിന്റെ പ്രാധാന്യത്തെ മുന്നിൽക്കണ്ട് ജമാഅത്തായി നമസ്കരിക്കുന്നതിന് ശ്രേഷ്ഠത നൽകിയിരിക്കുന്നു. പിന്നീട്

സുബ്ഹി നമസ്കാരത്തിന്റെ പ്രാധാന്യവും പറഞ്ഞു. ഉറക്കത്തിൽ നിന്ന് ഉണർന്ന് നിങ്ങൾ സുബ്ഹി നമസ്കാരത്തിനായി പള്ളിയിൽ വരുമ്പോൾ, നിങ്ങളെ സ്വാഗതം ചെയ്യുന്നവരും നിങ്ങൾക്കുവേണ്ടി ദുആ ചെയ്യുന്നവരുമായ മലക്കുകൾ മറ്റുനമസ്കാരത്തെ അപേക്ഷിച്ച് അധികമായിരിക്കും. നമസ്കാരത്തിന് വന്നുകൊണ്ടിരിക്കുന്നവരുടെ നന്മകൾ എണ്ണിതിട്ടപ്പെടുത്താൻ നമസ്കാരത്തിനു പോകുന്നവരും മലക്കുകളും പറയുന്നുണ്ടാകും. നമസ്കാരത്തിനു വരുന്നവരുടെ നൻമകൾ എണ്ണിതിട്ടപ്പെടുത്താൻ വരുന്നവരും പറയും.

ഹസ്റത്ത് ജരീദ് (റ) നിവേദനം ചെയ്യുന്നു. "നമസ്കരിക്കുകയും സക്കാത്ത്കൊടുക്കുകയും എല്ലാ മുസ്ലിംകളുടേയും നൻമ ആഗ്രഹിക്കുകയും, ബഹുദൈവവിശ്വാസികളുമായി ബന്ധപ്പെടാതിരിക്കുകയും ചെയ്യും എന്ന നിബന്ധനയിൽ നബി (സ) തിരുമേനിക്ക് ഞാൻ ബൈഅത്ത് ചെയ്തു."

ബഹുദൈവ വിശ്വസികളുമായി ബന്ധം വയ്ക്കില്ല എന്ന നിബന്ധന വെച്ചിട്ടുള്ളത് ഏകദൈവത്തിൽ വിശ്വാസമില്ലാത്ത ആളുകളുമായി കൂടുതൽ സൗഹൃദം പുലർത്തുമ്പോൾ അറിവ് കുറഞ്ഞയാളുകൾ അല്ലാഹുവിൽ നിന്ന് അകലാൻ സാധ്യതയുണ്ടെന്നുള്ളതുകൊണ്ടാണ്. അവനെ ആരാധിക്കുന്നതിൽ നിന്ന് അകറ്റിക്കൊണ്ടുപോകാൻ സാധ്യതയുണ്ട്. പ്രത്യേകിച്ച് ചെറുപ്പക്കാർ തങ്ങളുടെ ചുറ്റുപാടുകളെ വിലയിരുത്തേണ്ടതാണ്. തങ്ങളുടെ കൂട്ടുകാരെക്കുറിച്ച് വിലയിരുത്തേണ്ടതാണ്. നിശബ്ദമായി, നിങ്ങളറിയാതെ നിങ്ങളെ അവർ സ്വാധീനിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. അല്ലാഹുവിനെ ആരാധിക്കുന്നതിന്റെ ഉദ്ദേശ്യത്തിൽ നിന്ന് നിങ്ങളെ അകറ്റുന്നുണ്ടോ എന്ന് നോക്കേണ്ടതാണ്. നിങ്ങൾ ഏതൊക്കെ ഉദ്ദേശ്യത്തോടെയാണോ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിൽ ചേർന്നത് ആ ഉദ്ദേശ്യത്തിൽ നിന്ന് തെറ്റിക്കുന്നുണ്ടോ എന്ന് ഒത്തുനോക്കേണ്ടതാണ്. ആ ഉദ്ദേശ്യം അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുക എന്നതുതന്നെയാണ്.

ഹസ്റത്ത് മുആദിബ്നു ജബൽ (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി എന്റെ കൈപിടിച്ചുകൊണ്ട് പറഞ്ഞു. മുആദെ! അല്ലാഹുവാണ! തീർച്ചയായും ഞാൻ നിന്നെ സ്നേഹിക്കുന്നു. പിന്നീട് പറഞ്ഞു. മുആദെ! ഞാൻ നിന്നോട് വസിയ്യത്ത് ചെയ്യുകയാണ്. ഓരോ നമസ്കാരത്തിനു ശേഷവും

'*അല്ലാഹുമ്മ അഇന്നീ അലാ ദിക്രിക്ക വ ശുക്രിക്ക വ ഹുസ്നി ഇബാദത്തിക്ക.*'

അല്ലാഹുവേ, നിന്നെ സ്മരിക്കുന്നതിനും നിന്നോടു നന്ദികാണിക്കുന്നതിനും നിന്നെ ഭംഗിയായി ആരാധിക്കുന്നതിനും നീ എന്നെ സഹായിക്കേണമേ!

നോക്കുക. അല്ലാഹുവിനെ ആരാധിക്കാൻ എത്ര പ്രിയങ്കരമായ നിലയിലാണ് വർണ്ണിച്ചു പറഞ്ഞിട്ടുള്ളത്. ഇങ്ങനെ മനുഷ്യൻ അല്ലാഹുവിനോട് ദുആ ചെയ്യുമ്പോൾ അല്ലാഹു തന്നെ ആരാധിക്കാനുള്ള ഭാഗ്യവും വർധിപ്പിച്ചുകൊടുക്കും.

സയ്ദിബ്നു അസ്ലം തന്റെ പിതാവിൽ നിന്ന് നിവേദനം ചെയ്യുന്നു. ഹസ്റത്ത് ഉമർ(റ) രാത്രി ദീർഘനേരം നമസ്കരിക്കുമായിരുന്നു. അങ്ങനെ അവസാനയാമം ആകുമ്പോൾ കുടുംബക്കാരെ 'അസ്സ്വലാത്തുസ്സ്വലാത്ത്' നമസ്കാരത്തിന്റെ സമയമായി എന്നു പറഞ്ഞ് ഉണർത്തുകയും വിശുദ്ധ ഖുർആനിലെ

وَأْمُرْ أَهْلَكَ بِالصَّلَاةِ وَاصْطَبِرْ عَلَيْهَا ۖ لَا نَسْأَلُكَ رِزْقًا ۖ نَحْنُ نَرْزُقُكَ ۗ وَالْعَاقِبَةُ لِلتَّقْوَىٰ

എന്ന വചനം ഓതുകയും ചെയ്യുമായിരുന്നു. "നിന്റെ കുടുംബത്തോട് നമസ്കരിക്കാൻ നീ കല്പിച്ചുകൊണ്ടിരിക്കുക. നീയും അതിൻമേൽ സ്ഥിരചിത്തനായി നിലകൊള്ളുക. നാം നിന്നോട് ആഹാരം ആവശ്യപ്പെടുന്നില്ല. നാമാണ് നിനക്ക് ആഹാരം നൽകുന്നത്. നല്ല പരിണാമം സൂക്ഷ്മത പാലിക്കുന്നവർക്കുള്ളതാണ്." (20:133)

ഇപ്രകാരം ഓരോ അഹ്മദിയും തങ്ങളുടെ ഭാര്യാമക്കളെ നമസ്കരിക്കാൻ ഉപദേശിച്ചുകൊണ്ടിരിക്കേണ്ടതാണ്. അതിനുവേണ്ടി ഉണർത്തിക്കൊണ്ടിരിക്കേണ്ടതാണ്. നമസ്കരിക്കാൻ പള്ളിയിൽ കൊണ്ടുവരേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ സ്വയം തന്നെയും തന്റെ മക്കളേയും ആരാധനാകർമ്മത്തിലേക്ക് ചായ്ചുനിറുത്തുവോളം അല്ലാഹുവിന്റെ അനുഗ്രഹം ഉണ്ടായിക്കൊണ്ടിരിക്കും.

ഹസ്റത്ത് മസീഹ് മൗഊദ്(അ) നമസ്കാരത്തിലേക്ക് തങ്ങളുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറയുന്നു: എല്ലാ പ്രയാസങ്ങളും പരിഹരിക്കുന്ന ഒന്നാണ് നമസ്കാരം എന്നകാര്യം ഓർമ്മവയ്ക്കേണ്ടതാണ്. എല്ലാ ബലാകളും അകലുന്നു. എന്നാൽ സാധാരണക്കാർ ഒരു ചടങ്ങെന്ന നിലയിൽ നമസ്കരിക്കുന്ന നമസ്കാരമല്ല ഉദ്ദേശിക്കുന്നത്. മനുഷ്യന്റെ മനസ്സിനെ അലിയിക്കുന്ന നമസ്കാരമാണ് ഉദ്ദേശ്യം. അത് ദൈവീക സവിധത്തിൽ വീണ് ഉരുകാൻ തുടങ്ങുന്നു. ഓർമ്മിക്കുക, ഈ നമസ്കാരം കൊണ്ട് ദീനും ദുൻയാവും സുന്ദരമാകുന്നു. എന്നാൽ നമസ്കരിക്കുന്ന മിക്കവരിലും അവരുടെ നമസ്കാരം ശാപം ചൊരിയുന്നു. അല്ലാഹു തആല പറയുകയുണ്ടായി

'*ഫവയ്ലുൻല്ലിൽ മുസ്വല്ലീൻ. അല്ലദീനഹും അൻസ്വലാത്തിഹിം സാഹൂൻ.*' (107.6)

അതായത് തങ്ങളുടെ നമസ്കാരത്തെപ്പറ്റി അശ്രദ്ധരായ നമസ്കാരക്കാർക്ക് നാശം. നമസ്കാരം അനുഷ്ഠിക്കുന്നതുകൊണ്ട് മനുഷ്യൻ എല്ലാത്തരം ദുർനടപടികളിൽ നിന്നും നാണം കെട്ട പ്രവർത്തികളിൽ നിന്നും രക്ഷിക്കപ്പെടുന്നു. എന്നാൽ ഇത്തരം നമസ്കാരം അനുഷ്ഠിക്കുക എന്നത് മനുഷ്യന്റെ നിയന്ത്രണത്തിൽപ്പെട്ടകാര്യമല്ലെന്ന് ഞാൻ ആദ്യം

തന്നെ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. ഈ രീതി അല്ലാഹുവിന്റെ സഹായമില്ലാതെ ലഭിക്കുകയില്ല. മനുഷ്യൻ ദുആയിൽ മുഴുകികൊണ്ടിരിക്കാത്തിട ത്തോളം കാലം ഇത്തരം ഭയഭക്തിയും വിനയവും ഉണ്ടാകുകയില്ല. അതുകൊണ്ട് നിങ്ങളുടെ രാവും പകലും, എന്നല്ല ഒരു നിമിഷം പോലും ദുആ ചെയ്യാതെയിരിക്കരുത്. ഒരഹ്മദിയുടേയും നമസ്കാരം അശ്രദ്ധയോടെ അല്ലാതിരിക്കാൻ അല്ലാഹു അനുഗ്രഹിക്കട്ടെ. അല്ലാഹുവിന്റെ വെറുപ്പ് സമ്പാദിച്ചെടുക്കുന്ന നമസ്കാരം ആകാതിരിക്കട്ടെ. എന്നല്ല അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കുന്ന തരത്തിലുള്ള നമസ്കാരം ആയിരിക്കുമാറാകട്ടെ. ഓരോ അഹ്മദിയുടേയും നമസ്കാരം അവർക്കും അവരുടെ കുടുംബത്തിനും അനുഗ്രഹങ്ങൾ കൊണ്ടുവരുന്നതാകുമാറാകട്ടെ. ജമാഅത്തിയായ നിലയിലും ഈ ദുആകളെല്ലാം ഒത്തുചേർന്ന് ശക്തിപകരുന്നതാകുമാറാകട്ടെ.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: “സംഘടിത നമസ്കാരത്തിന് കൂടുതൽ പ്രതിഫലം വെച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം അതിൽ ഐക്യമുണ്ടാകുന്നു എന്നതാണ്. ഈ ഐക്യത്തെ പ്രവർത്തന രംഗത്ത് കൊണ്ടുവരുന്നതിനുവേണ്ടി, പാദങ്ങൾ ഒരുപോലെയായിരിക്കണം, അണികൾ നേരെയായിരിക്കണം, ഒരാൾ മറ്റൊരാളോട് ചേർന്ന് നിൽക്കണം. ഇതിന്റെ ഉദ്ദേശ്യം ഒരേ ഒരു മനുഷ്യൻ തന്നെ കല്പന പാലിക്കുകയും ഒരാളുടെ പ്രകാശം മറ്റെയാളിൽ പ്രവഹിക്കുകയും സ്വാർത്ഥത ഉണ്ടാക്കുന്ന വ്യത്യാസം ഇല്ലാതിരിക്കുകയും ചെയ്യുക എന്നതാണ്. ഒരാൾക്ക് മറ്റൊരാളുടെ വികാരത്തെ ആകർഷിച്ചെടുക്കാനുള്ളകരുത്ത് മനുഷ്യനിലുണ്ടെന്ന കാര്യം നല്ലവണ്ണം ഓർത്തുകൊള്ളുക. നിത്യവും ഉള്ള നമസ്കാരങ്ങൾ മൊഹല്ലയിലെ പള്ളിയിലും ആഴ്ചയ്ക്കുശേഷം പട്ടണത്തിലെ പള്ളിയിലും വർഷത്തിനുശേഷം ഈദുഗാഹിലും നമസ്കരിക്കാനാണ് കല്പന. ലോകത്തുള്ള എല്ലാമുസ്ലിംകളും വർഷത്തിലൊരിക്കൽ ബയ്തുല്ലാഹിൽ ഒരുമിച്ചുചേരാനും കല്പനയുണ്ട്. ഈ എല്ലാകല്പനകളുടേയും ഉദ്ദേശ്യം ആ ആരാധന തന്നെയാണ്.”

ഇതിനെ സംബന്ധിച്ച് ഒന്നുകൂടിപറയട്ടെ. പുരുഷൻമാരുടെ ശീലം പൊതുവെ കുട്ടികളിലുണ്ടാവും. എന്നാൽ സ്ത്രീകളെ സംബന്ധിച്ച്, അവരുടെ സഫ് നേരെയാകാറില്ലെന്നും ഒരു സഫ്ഫിൽ നിൽക്കുകയില്ലെന്നും പരാതി ലഭിക്കുന്നു. കിട്ടുന്ന സ്ഥലത്ത് കയറിനിൽക്കുന്നു. ചിലപ്പോൾ പല സഫ്ഫുകളിലും സ്ഥലം ഒഴിഞ്ഞു കിടപ്പുണ്ടാകും. അതുകൊണ്ട് ലജ്നാഇമായില്ലാഹ് ഭാരവാഹികൾ, അവരുടെ തർബിയത്ത് സെക്രട്ടറി, പ്രസിഡന്റ് തുടങ്ങിയവർ തങ്ങളുടെ ലജ്നയോടു ഇക്കാര്യം പറയേണ്ടതാണ്. പള്ളിയിൽ വന്നാൽ ആദ്യം ആദ്യത്തെ സഫ്ഫ് പൂർത്തിയാക്കുക, പിന്നീട് രണ്ടാമത്തെ സഫ്ഫ്. കുട്ടികളുള്ള സ്ത്രീകൾ കുട്ടികളേയും കൊണ്ട് അവസാനത്തെ സഫ്ഫില്ലിരിക്കുക. ഒന്നാമതായി പറയാനുള്ളത് കുട്ടികളുമായി പള്ളിയിൽ വരേണ്ട ആവശ്യമില്ലെന്നാണ്. അവർക്കത്ര നിർബന്ധവുമല്ല. എന്നാൽ കുട്ടികളുള്ള സ്ത്രീകൾക്ക് പ്രത്യേകം ഇരിക്കാൻ സംവിധാനമുണ്ടെങ്കിൽ അവിടെയാണ് ഇരിക്കേണ്ടത്. സഫ്ഫുകൾ ഇപ്പറഞ്ഞതുപോലെയായിരിക്കേണ്ടതുമാണ്. എപ്പോഴും ഇങ്ങനെ നിലനില്ക്കേണ്ടതുമാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: “നമസ്കാരത്തെക്കാളുപരി ഒരു ദൈവസ്മരണയുമില്ല. എന്തുകൊണ്ടെന്നാൽ അതിൽ അല്ലാഹുവിനെ സ്തുതിക്കലുണ്ട്. നബി(സ)യുടെ മേലുള്ള സ്വലാത്തുണ്ട്. ഇസ്തിഗ്ഫാർ - പൊറുക്കലിനെ തേടലുണ്ട്. ഈ നമസ്കാരം തന്നെയാണ് എല്ലാ ദൈവസ്മരണയുടേയും സമുച്ചയം.”

ഞാൻ ഇതിനുമുമ്പേയും ഇത് പറഞ്ഞിട്ടുള്ളതാണ്. നിത്യവും ജപിക്കാൻ എന്തെങ്കിലും ജപം പറഞ്ഞുതരണമെന്ന് പറഞ്ഞ് ചിലർ കത്തെഴുതാറുണ്ട്. കൂടികാഴ്ചാ വേളകളിലും ചില സ്ത്രീകളും പുരുഷൻമാരും ഇത് ചോദിക്കാറുണ്ട്. എന്നാൽ അവരോടു ചോദിച്ചാൽ ഇവരിൽ ചിലപുരുഷൻമാരും സ്ത്രീകളും നമസ്കാരംപോലും പൂർണ്ണമായും അനുഷ്ഠിക്കാറില്ലെന്ന് മനസ്സിലാകുന്നു. എങ്കിലും അവർ ജപം തേടി നടക്കുകയാണ്.

വാസ്തവത്തിൽ ആദ്യം അടിസ്ഥാനപരമായ കല്പനയനുസരിച്ച് പ്രവർത്തിക്കുകയാണ് വേണ്ടത്. ഇതനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, എല്ലാ കാര്യങ്ങളും ജപവും സ്മരണയുമെല്ലാം ഇതിൽതന്നെ വരുന്നതാണ്. നമസ്കാരവും അലങ്കാരത്തോടെ അനുഷ്ഠിക്കുകയാണെങ്കിൽ അതിൽ തന്നെ തൃപ്തി ലഭിക്കുന്നതാണ്.

ഒരാൾ മസീഹ് മൗഊദ് (അ) നോട് ചോദിച്ചു. ഹുസൂർ! നമസ്കാരത്തെ സംബന്ധിച്ച് ഞങ്ങൾക്കുള്ള കല്പനയെന്താണ്? പറഞ്ഞു: ഓരോ മുസ്ലിമിനും നമസ്കാരം നിർബന്ധമാണ്. ഹദീസിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനിയുടെ അടുക്കൽ വന്ന് ഒരു ജനത ഇസ്ലാം സ്വീകരിച്ചു. അല്ലാഹുവിന്റെ റസൂലേ, നമസ്കാരം ഞങ്ങൾക്ക് മാപ്പാക്കിതന്നാലും എന്നവർ പറഞ്ഞു. കാരണം ഞങ്ങൾ തൊഴിലെടുത്തുജീവിക്കുന്നവരാണ്. (തൊഴിലാളികൾക്കു വേണ്ടിയാണ് ഇത്) മൃഗപരിപാലനം തുടങ്ങിയ കാരണത്താൽ വസ്ത്രത്തെ വിശ്വസിക്കാൻ പറ്റുകയില്ല. ഞങ്ങൾക്ക് ഒഴിവും ഉണ്ടാവുകയില്ല. ഇതിനു മറുപടിയായി അവിടന്ന് പറഞ്ഞു: നമസ്കാരമില്ലെങ്കിൽ പിന്നെന്താണ് ബാക്കിയുള്ളത്? നമസ്കാരമില്ലാത്ത ദീൻ ദീനല്ല. എന്താണ് നമസ്കാരം? സ്വന്തം തെറ്റുകുറ്റങ്ങളേയും ബലഹീനതകളേയും അല്ലാഹുവിന്റെ തിരുസന്നിധിയിൽ വിവരിക്കുക. അവനോട്

ആവശ്യങ്ങൾ തേടുക. അവന്റെ മഹത്വം പ്രകീർത്തിക്കുന്നതിനും കല്പനകൾ പാലിക്കുന്നതിനും വേണ്ടി അര മുറുക്കി നിൽക്കുക. അങ്ങേയറ്റം വണക്കത്തോടും എളിമയോടും കൂടി അവന്റെ സന്നിധിയിൽ സുജൂദ് ചെയ്യുക. അവനിൽ നിന്ന് സ്വന്തം ആവശ്യങ്ങൾ തേടുക. ഇത് തന്നെയാണ് നമസ്കാരം. ഒരു ഭിക്ഷക്കാരനെപ്പോലെ ചോദിക്കപ്പെട്ടവനെ പുകഴ്ത്തുക. നീ അങ്ങനെയാണെന്ന് പറഞ്ഞ് സ്തുതിക്കുക. അവന്റെ മഹത്വവും പ്രതാപവും പ്രകടിപ്പിച്ച് അവന്റെ കാരുണ്യത്തിന് ഇളക്കമുണ്ടാക്കുക. എന്നിട്ട് അവനോട് ചോദിക്കുക. ഇതില്ലാത്ത മതം എന്തു മതമാണ്? മനുഷ്യൻ എപ്പോഴും ആശ്രിതനാണ്. അല്ലാഹുവിനോട് അവന്റെ തൃപ്തിയുടെ മാർഗ്ഗവും ചോദിച്ചുകൊണ്ടിരിക്കുക. അവന്റെ ഫള്ല് പ്രത്യേകം തേടുക. കാരണം അവൻ തന്നിട്ടുള്ള തൗഫീഖനുസരിച്ചേ എന്തെങ്കിലും ചെയ്യാൻ പറ്റുകയുള്ളൂ. അല്ലാഹുവേ! ഞാൻ നിന്റേതായിത്തീരാനും നിന്റെ തൃപ്തിയിൽ പ്രവർത്തിച്ച് നിന്നെ തൃപ്തിപ്പെടുത്താനും ഞങ്ങൾക്ക് തൗഫീഖ് തന്നാലും. അല്ലാഹുവിനോടുള്ള സ്നേഹത്തിലും അവനോടുള്ള ഭയത്തിലും അവന്റെ സ്മരണയിലും മുഴുകുന്നതിന്റെ പേരാണ് നമസ്കാരം. ഇതാണ് മതം.

ചില നിർബന്ധകാര്യങ്ങളും ചിലജോലികളും കാരണത്താൽ നമസ്കാരം സമയത്ത് അനുഷ്ഠിക്കാൻ കഴിയുകയില്ലെന്ന് പറയുന്നവർക്കുള്ളതാണ് ഈ നിർദ്ദേശം. അവരെപ്പോഴും ഇത് മുന്നിൽ വയ്ക്കേണ്ടതാണ്. വസ്ത്രം അഴുക്കാണെന്ന് പറയുക, മറ്റെന്തെങ്കിലും ഒഴിവ് കഴിവ് പറയുക. പക്ഷെ ഒരു ഒഴിവുകഴിവ് പറഞ്ഞും നമസ്കാരം ഉപേക്ഷിക്കാൻ പറ്റുകയില്ല. ഇത് അടിസ്ഥാനമായ നെടുംതൂണാണ്. ഇതിലേക്ക് ഓരോ അഹ്മദിയും വളരെയധികം ശ്രദ്ധിക്കേണ്ടതാണ്. ഉപേക്ഷിക്കുന്ന പ്രശ്നമേ ഉദിക്കുന്നില്ല.

പിന്നീട് അവിടന്ന് പറയുന്നു. കഴിയുന്നിടത്തോളം പരിശുദ്ധരും നിർമ്മലരുമായിക്കൊണ്ട് നമസ്കരിക്കുക. നമസ്കാരം തരം താണനിലയിൽ ആകാതിരിക്കാൻ പരിശ്രമിക്കുക. അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെല്ലാം സ്തുതികീർത്തനം, തൗബ, ഇസ്തിഗ്ഫാർ, ദുആ സ്വലാത്ത് തുടങ്ങിയവയെല്ലാം ഹൃദയാവേശത്തോടെ ഉണ്ടാകേണ്ടതാണ്. എന്നാൽ അസാധാരണമായ സ്നേഹവും വണക്കവും ലയനമയമായ താൽപര്യവും ആവേശവും എല്ലാ അഴുക്കുകളിൽ നിന്നും ഒഴിഞ്ഞതുമായ അവസ്ഥ മനുഷ്യന്റെ നമസ്കാരത്തിൽ ഉണ്ടാകുക എന്നത് അവന്റെ നിയന്ത്രണത്തിൽ പെട്ടതല്ല. (അതായത് എല്ലാവരിലും ഈ അവസ്ഥ ഉണ്ടാകുക എന്നത് എളുപ്പമല്ല. അത് മനുഷ്യന്റെ കഴിവിന്നതീതമാണ്.) പറഞ്ഞു: അല്ലാഹുവിനെ കാണുന്നതുപോലെ നമസ്കാരത്തിൽ ഈ അവസ്ഥ പ്രകടമാകാത്തിടത്തോളം അത് നഷ്ടത്തിൽ നിന്ന് ഒഴിഞ്ഞതല്ല. ഇക്കാരണത്താലാണ് മുത്തഖിയെന്നു പറയുന്നത്. നമസ്കാരത്തെ നിലനിറുത്തുന്നവരാണെന്നു അല്ലാഹു പറഞ്ഞത് വീഴാൻ പോകുന്നതിനെയാണ് നിലനിറുത്താറുള്ളത് എന്നതുകൊണ്ടാണ്. അതുകൊണ്ട് യുഖീമൂനസ്വലാത്ത എന്ന വചനത്തിന്റെ അർത്ഥം കഴിയുന്നിടത്തോളം അവർ നമസ്കാരത്തെ നിലനിറുത്താൻ പരിശ്രമിക്കുന്നുവെന്നാണ്. ബുദ്ധിമുട്ടോടും അത്യദ്ധ്വാനത്തോടും കൂടി പ്രവർത്തിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹമില്ലാത്ത മനുഷ്യപരിശ്രമം നിരർത്ഥകമാണ്.

ഈ എല്ലാ കാര്യങ്ങളും വെറുതെ അങ്ങുണ്ടാകുകയില്ല. അതിനുവേണ്ടി പരിശ്രമിക്കേണ്ടതായിവരും. പിന്നീട് അല്ലാഹുവിനോട് അവന്റെ അനുഗ്രഹവും തേടേണ്ടതാണ്. ഇതില്ലാതെ മറ്റുള്ളതെല്ലാം നിരർത്ഥകമാണ്.

ഇങ്ങനെ അവർ നമസ്കരിക്കുന്നവരായിത്തീരുമ്പോൾ, നഫ്ലുകൾകൊണ്ട് തങ്ങളുടെ ആരാധനമോടിപിടിപ്പിക്കാനും കല്പനയുണ്ട്. ഞാൻ പറഞ്ഞതുപോലെ നിർബന്ധകാര്യങ്ങളിലേക്ക് ശ്രദ്ധിച്ചെങ്കിൽ മാത്രമെ അതു സാധ്യമാകുകയുള്ളൂ. നമസ്കാരം നിലനിറുത്തുന്നതിലേക്ക് ശ്രദ്ധിക്കണം.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: 'രാത്രിയുടെ അവസാനയാമമെത്തിയാൽ അല്ലാഹു ഒന്നാനാകാശത്തേക്കു ഇറങ്ങി വരുന്നു. എന്നോടു ദുആ ചെയ്യാൻ ആരെങ്കിലുമുണ്ടോ? അവന്റെ ദുആ ഞാൻ സ്വീകരിക്കാൻ എന്നു ചോദിക്കുന്നു.'

അതായത് രാത്രിയുടെ അവസാനയാമത്തിൽ അല്ലാഹു തആല താഴേക്ക് ഇറങ്ങിവന്നിട്ട്, എന്നോട് പ്രാർത്ഥിക്കുന്നവരാരെങ്കിലുമുണ്ടോ എന്ന് ചോദിക്കും. എന്നോടു പൊറുക്കലിനെ തേടാനാരെങ്കിലുമുണ്ടോ? ഞാനവന് പൊറുത്തുകൊടുക്കാൻ. ജീവിതം വിഭവം ചോദിക്കാനാരെങ്കിലുമുണ്ടോ? അവന് ഞാൻ ജീവിത വിഭവം നല്കാൻ. ബുദ്ധിമുട്ടുകൾ അകറ്റാൻ വേണ്ടി എന്നോടു ദുആ ചെയ്യുന്നവനാരെങ്കിലുമുണ്ടോ? അവന്റെ ബുദ്ധിമുട്ട് ഞാൻ തീർത്തുകൊടുക്കാൻ. നേരം വെളുക്കുന്നതുവരെ അല്ലാഹു ഇങ്ങനെ ചോദിച്ചുകൊണ്ടേയിരിക്കും.

അതുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ അനശ്വരമാക്കിത്തീർക്കുന്നതിനുവേണ്ടി എന്നെന്നും നിലനിർത്തുന്നതിനുവേണ്ടി പരിശ്രമിക്കേണ്ടതാണ്. നമസ്കാരത്തെ നിലനിർത്തുന്നതിനു വേണ്ടി പള്ളികളേയും ജനബാഹുല്യമുള്ളതാക്കിത്തീർക്കുക. നഫ്ലിയായ ആരാധനാ കർമ്മങ്ങളിലേക്കും ശ്രദ്ധിക്കുക.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ആരാണോ അല്ലാഹുവിന്റെ സന്നിധിയിൽ വിലപിക്കുകയും കേണപേക്ഷിക്കുകയും ചെയ്യുന്നത്, അവന്റെ നിയമങ്ങളെ ആദരവിന്റെ ദൃഷ്ടിയോടെ നോക്കിക്കാണുന്നത്, അവന്റെ പ്രതാപത്തെ ഭയന്ന്

സ്വന്തം പരിഷ്ക്കരണം നടത്തുന്നത് അവൻ അല്ലാഹുവിന്റെ അനുഗ്രഹത്തിൽ തീർച്ചയായും ഭാഗഭാക്കാകും. അതുകൊണ്ട് നമ്മുടെ ജമാഅത്തിലുള്ളവർ തഹജ്ജുദ് നമസ്കാരം അനുപേക്ഷണീയമാക്കേണ്ടതാണ്. അധികമില്ലെങ്കിലും രണ്ടു റക്അത്തെങ്കിലും നമസ്കരിക്കുക. കാരണം അവന് ദുആ ചെയ്യാനുള്ള അവസരം എന്തായാലും കിട്ടുന്നതാണ്. ആ നേരത്തെ ദുആയിൽ പ്രത്യേകമായ ഒരു ശക്തിയുണ്ടാകുന്നു. കാരണം അത് യഥാർത്ഥമായ വേദനയിൽ നിന്നും, ആവേശത്തിൽനിന്നുമാണ് പുറത്തുവരുന്നത്. പ്രത്യേകമായ ചൂടും വേദനയും ഹൃദയത്തിലില്ലെങ്കിൽ ഉറക്കമുറിയിൽനിന്ന് എങ്ങനെ ഉണരാനാണ്? ആ സമയത്ത് ഉണരുക എന്നതുതന്നെ ഒരു വേദന ഉണ്ടാക്കുന്നു. ഇതിൽനിന്ന് ദുആയിൽ കരച്ചിലിന്റേയും വ്യാകുലതയുടെയും അവസ്ഥ ഉണ്ടാകുന്നു. ഇതാണ് ദുആ സ്വീകാര്യതയ്ക്ക് കാരണമായിത്തീരുന്നത്. എന്നാൽ, ഉണരുന്നതിൽ അലസതയും അശ്രദ്ധയും കാണിച്ചാൽ, ആ വേദനയും ചൂടും ഹൃദയത്തിൽ ഇല്ലെന്നത് പ്രകടമാണ്. കാരണം ഉറക്കം ദുഃഖത്തെ അകറ്റുന്നു. എന്നാൽ ഉറക്കത്തിൽ നിന്നുണരുമ്പോൾ, ഏതൊരു വേദനയും ദുഃഖവും ഉറക്കത്തിന്നതീതമായുണ്ടെന്ന് മനസ്സിലാകുന്നു; അതാണ് അവനെ ഉണർത്തുന്നത് - മറ്റൊരു കാര്യവും കൂടി നിർബന്ധമാണ്. അത് നമ്മുടെ ജമാഅത്ത് സ്വായത്തമാക്കേണ്ടതാണ്. നാവിനെ വ്യർത്ഥമായ സംസാരത്തിൽനിന്ന് ശുദ്ധമാക്കിവയ്ക്കുക എന്നതാണത്. നാവ്, കാര്യസിദ്ധിയുടെ വാതിലാണ്. നാവ് പരിശുദ്ധമാക്കുമ്പോൾ അല്ലാഹു തആല കാര്യസിദ്ധിയുടെ വാതിൽക്കൽ വരുന്നു. അല്ലാഹു തആല വാതിൽക്കൽ എത്തിയാൽ, പിന്നെ ഉള്ളിൽ വരുന്നതിൽ എന്തത്ഭുതപ്പെടാനാണ്? അല്ലാഹുവിനോടും സൃഷ്ടികളോടുമുള്ള കടമ നിറവേറ്റുന്നതിൽ അറിഞ്ഞുകൊണ്ട് ഒരിക്കലും അശ്രദ്ധ കാണിക്കരുത്. ആരാണോ ഇക്കാര്യങ്ങൾ ഓർത്ത് ദുആ ചെയ്തുകൊണ്ട് പ്രവർത്തിക്കുന്നത്, മറ്റൊരു ഭാഷയിൽ പറഞ്ഞാൽ ആർക്കാണോ ദുആ ചെയ്യാൻ തൗഫീഖ് നല്കപ്പെടുന്നത് അവനിൽ അല്ലാഹു അനുഗ്രഹം ചെയ്യുമെന്ന് നാം ദൃഢമായും വിശ്വസിക്കുന്നു.

പിന്നീട് അവിടന്ന് പറഞ്ഞു: എന്റെ ജമാഅത്തിൽ ഉൾപ്പെട്ടവരാണെന്ന് സ്വയം അവകാശപ്പെടുന്നവരേ! സത്യത്തോടെ തഖ്‌വയുടെ മാർഗ്ഗത്തിൽ പദമൂന്നുമ്പോഴാണ് ആകാശത്തിൽ നിങ്ങളെന്റെ ജമാഅത്തിൽ ഉൾപ്പെട്ടവരായിത്തീരുന്നത്. അതുകൊണ്ട് അല്ലാഹുവിനെ കാണുന്നു എന്ന ഭയത്തോടും ഹൃദയസാന്നിദ്ധ്യത്തോടും കൂടി അഞ്ചുനേരം നമസ്കാരം അനുഷ്ഠിക്കുക. നിങ്ങളുടെ നോമ്പ് അല്ലാഹുവിനുവേണ്ടി സത്യസന്ധതയോടെ പൂർത്തിയാക്കുക. സക്കാത്ത് കൊടുക്കാൻ അർഹരായവർ സക്കാത്ത് കൊടുക്കേണ്ടതാണ്. ഹജ്ജ് നിർബന്ധമാക്കപ്പെട്ടവർ, തടസ്സമൊന്നുമില്ലെങ്കിൽ ഹജ്ജ് ചെയ്യുക. നന്മയെ ഭംഗിയായി നിറവേറ്റുക. തിന്മയെ ജാഗ്രതയോടെ ഉപേക്ഷിക്കുക. തഖ്‌വയില്ലാത്ത ഒരു കർമ്മവും അല്ലാഹുവിനോളമെത്തുകയില്ലെന്ന കാര്യം നല്ലവണ്ണം ഓർത്തുകൊള്ളുക. ഓരോ നന്മയുടെയും വേര് തഖ്‌വയാണ്. ഏത് കർമ്മത്തിലാണോ ഈ വേര് നഷ്ടപ്പെടാതിരിക്കുന്നത് ആ കർമ്മവും നഷ്ടപ്പെടുകയില്ല.

അല്ലാഹുതആല നമുക്ക് യഥാർത്ഥമായ നിലയിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിൽ ഉൾപ്പെടാൻ തൗഫീഖ് നല്കുമാറാകട്ടെ. നമ്മുടെ നമസ്കാരവും നമ്മുടെ ആരാധനാകർമ്മങ്ങളും നമ്മുടെ ത്യാഗങ്ങളും നമ്മുടെ നന്മയിലുള്ള നിലനില്പും നമ്മുടെ സന്താനങ്ങളിൽ അത് നടപ്പിൽ വരുത്തലും അതു പരത്തുന്നതിനുള്ള എല്ലാവിധ പരിശ്രമങ്ങളും അല്ലാഹുവിന്റെ തൃപ്തികരസ്ഥമാക്കുന്നതിനായിത്തീരുമാറാകട്ടെ; അവന്റെ അനുഗ്രഹങ്ങൾക്ക് നാം പാത്രീഭൂതരായിത്തീരാൻ വേണ്ടി. അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് ശക്തി കരസ്ഥമാക്കുന്നതിനുവേണ്ടി. ശക്തി കരസ്ഥമാക്കുന്നവരിൽ ഉൾപ്പെടുന്നവരായിത്തീരുമാറാകട്ടെ. അല്ലാഹു തആല തന്റെ ദീനിനെ എന്തായാലും പരത്തുന്നതാണ്. സത്യവിശ്വാസികളുടെ സംഘത്തിന് ശക്തിയും ബലവും നല്കുകയും ചെയ്യും. അപ്പോൾ ഓരോരുത്തരും അതിൽ ഭാഗഭാക്കാകുന്നതിനുവേണ്ടി ദുആ ചെയ്യേണ്ടതാണ്. വഴിതെറ്റിപ്പോകാൻ ഇടവരരുത്. അവനോടുള്ള ഭയവും പേടിയും കൊണ്ട് പള്ളികളെ ജനനിബിഡമാക്കിത്തീർക്കാൻ വരുമ്പോഴും ജമാഅത്തായി നമസ്കരിക്കാൻ ശ്രദ്ധിക്കുമ്പോഴും പരമകാരുണികന്റെ ദാസരായിത്തീരുമ്പോഴുമാണ് ആ അനുഗ്രഹം നമുക്കു ലഭിക്കുന്നത്. അതുകൊണ്ട് നമ്മുടെ ഈ പള്ളിയും നമ്മുടെ മറ്റെല്ലാ പള്ളികളും, ഈ വികാരാവേശത്തോടെ നമസ്കാരക്കാരെക്കൊണ്ടു നിറഞ്ഞുനിന്നാൽ ഒരിക്കലും ഒരു ശക്തിയും നിങ്ങളുടെ ശക്തിയിൽ വിള്ളലുണ്ടാക്കാൻ സാധിക്കുകയില്ല. ഒരിക്കലും ബലഹീനമാക്കാൻ സാധിക്കുകയില്ല. നിങ്ങളുടെ ശക്തിയെ തട്ടിപ്പറിച്ചെടുക്കാനും അവർക്കു കഴിയില്ല. അല്ലാഹു തആല നമുക്കെല്ലാം ഈ നിലവാരം നിലനിറുത്താൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

JUMUA KHUTHBA:
HADHRAT MIRZA MASROOR AHMAD
KHALIFATHUL MASIH - V
on 01- 10- 2004 at
Baithul Barkkath
Bermingham
UK

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
**PHONE : 98465 02288**

Page Layout & Type Set : Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**